## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.730 28.09.2011 ൽ മറുപടിയ്ക്ക്**

## 'പെരിയാർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ - കേരള' രൂപീകരണം

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**ഉത്തരം**

ശ്രീ.പി.ജെ.ജോസഫ്
(ബഹു.ജലവിഭവ മന്ത്രി)

| | |
|---|---|
| (എ) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 'പെരിയാർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ - കേരള' രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ; | (എ) ഉണ്ട്. വിശദാംശങ്ങൾ പരിശോധനയിലാണ്. |
| (ബി) സുപ്രിംകോടതി നിർദ്ദേശിച്ച മുല്ലപ്പെരിയാർ ഉന്നതാധികാര സമിതി ആവശ്യപ്പെട്ട വിശദാംശങ്ങൾ സർക്കാർ ഇതിനകം നൽകുക ഉണ്ടായോ ; ഇല്ലെങ്കിൽ എന്നത്തേക്ക് നൽകാനാകും എന്നറിയിക്കാമോ; | (ബി) Feasibility report നൽകി കഴിഞ്ഞു. Detailed Project Report (DPR) ഈ മാസം തന്നെ നൽകുന്നതാണ്. |
| (സി) കേന്ദ്ര ജലവിഭവ കമ്മീഷൻ, സുപ്രീംകോടതി നിർദ്ദേശിച്ച ഉന്നതാധികാര സമിതി എന്നിവരെ കൂടാതെ ഏതൊക്കെ ഏജൻസികളുടെ നിർദ്ദേശങ്ങൾ സർക്കാർ ഇക്കാര്യത്തിൽ സ്വീകരിക്കും ; | (സി) ബഹു. സുപ്രീംകോടതിയുടെ നിർദ്ദേശങ്ങളാണ് കേരളം സ്വീകരിച്ചു വരുന്നത്. |
| (ഡി) പഴയ ഡാം നിലനിർത്തുമോ ; അല്ലെങ്കിൽ പൊളിച്ചു നീക്കുമോ ; ഇതിനകം ലഭ്യമായ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഡി) പഴയ ഡാം പൊളിച്ചു മാറ്റാനാണ് തീരുമാനിച്ചിരിക്കുന്നത്. പഴയ ഡാം പൂർണ്ണമായോ/ ഭാഗികമായോ പൊളിച്ചു മാറ്റണമെന്നുള്ള കാര്യത്തിൽ വിശദമായ പരിശോധനകൾക്കുശേഷം ആവശ്യമായ സമയത്ത് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ